തുക	മാസം	ആവശ്യം
25 കോടി	1/2010	ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കടം തീർക്കുന്നതിന്.
15 കോടി	2/2010	ജീവനക്കാർക്ക് ഡി.എ. നൽകുന്നതിന്.
25 കോടി	5/2010	ഐ. ഒ. സി യുടെ കടം തീർക്കുന്നതിന്.
10 കോടി	6/2010	അടിയന്തിര ആവശ്യങ്ങൾക്ക്.
35 കോടി	8/2010	ഓണം ചെലവുകൾ വഹിക്കുന്നതിന്.
10 കോടി	11/2010	അടിയന്തര ആവശ്യങ്ങൾക്ക്.

(ഡി) നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ ഒരു നിശ്ചിത ദിവസം തന്നെ നൽകുവാൻ കഴിയുകയില്ല.

ബസ്സുകളിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

173 (770) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുകളിൽ സ്ത്രീകൾക്കെതിരായ അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്ക് മാത്രമായി യാത്ര ചെയ്യുന്നതിന് കൊച്ചി, ആലുവ നഗരങ്ങളെ ബന്ധിപ്പിച്ച് ലേഡീസ് ഒൺലി ബസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ബസ്സുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് ഫലപ്രദമായ മറ്റു നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബസ്സുകളിൽ സ്ത്രീകൾക്ക് മാത്രമായി 25 % സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ സീറ്റിൽ പുരുഷൻമാർ യാത്രചെയ്യുകയും സ്ത്രീകൾ നിൽക്കേണ്ടിവരികയും ആണെങ്കിൽ ഇരിക്കുന്നവർ ശിക്ഷാർഹരാണ്. കണ്ടക്ടർ സ്ത്രീകൾക്ക് സീറ്റ് ഉറപ്പാക്കിയില്ലെങ്കിൽ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വിധേയമാവുന്നതായിരിക്കും. ബസ്സുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന ഇതര അതിക്രമങ്ങൾ തടയുന്നതിലേക്ക് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly